روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

sufaraulislam.com

# കരച്ചിൽ ഇസ്‌ലാമിൽ

18/11/2022

بسم الله الرحمن الرحيم

പല കാര്യത്തിന് വേണ്ടി കരയുന്നവരാണ് നമ്മൾ...

1. വേർപാടിൽ
2. കരയുന്നവരെ കണ്ട്
3. മുതലക്കണ്ണീർ

യുസുഫ് നബിയുടെ സഹോദരന്മാരുടെ കരച്ചിനെക്കുറിച്ച് ക്വുർആൻ പറഞ്ഞത്

وَجَاءُوا أَبَاهُمْ عِشَاءً يَبْكُونَ ﴿يوسف: ١٦﴾

യാക്കുബ് നബിയുടെ കരച്ചിൽ: ആത്മാർത്ഥമായ കരച്ചിൽ

وَتَوَلَّىٰ عَنْهُمْ وَقَالَ يَا أَسَفَىٰ عَلَىٰ يُوسُفَ وَابْيَضَّتْ عَيْنَاهُ مِنَ الْحُزْنِ فَهُوَ كَظِيمٌ ﴿ يوسف :٨٤﴾

നമ്മളും കരയണം. എങ്കിലെ ഹൃദയം ലോലമാകൂ. കരായാൻ ധാരാളം കാരണങ്ങൾ നമുക്കുണ്ട്.

1. അല്ലാഹുവിനെ ഓർത്ത്
2. നാളെ കബറിൽ കിടക്കുന്നത് ഓർത്ത്
3. റബ്ബിനെ കണ്ട് മുട്ടുന്നത് ഓർത്ത്,
4. ഗ്രന്ഥം കയ്യിൽ നൽകുമ്പോൾ എന്തായിരിക്കും അവസ്ഥ?

وَكُلَّ إِنسَانٍ أَلْزَمْنَاهُ طَائِرَهُ فِي عُنُقِهِ وَنُخْرِجُ لَهُ يَوْمَ الْقِيَامَةِ كِتَابًا يَلْقَاهُ مَنشُورًا ﴿١٣﴾ اقْرَأْ كِتَابَكَ كَفَىٰ بِنَفْسِكَ الْيَوْمَ عَلَيْكَ حَسِيبًا ﴿١٤﴾

അങ്ങനെ കരയുന്നത് വലിയ്യ ഇബാദത്ത് ആണ്...

❖ **നല്ല കരച്ചിൽ**

- കരച്ചിലിൽ നന്മയായതും തിന്മയായതുമുണ്ട്.
- ഒരു അടിമ അല്ലാഹുവിനെ ഭയന്ന് കൊണ്ടോ ക്വുർആൻ കേൾക്കുമ്പോഴോ, ഗുണപാഠം ഉൾക്കൊണ്ടും ചിന്തിച്ചും താക്കീതുകളെ കുറിച്ചോർത്തും കൊണ്ടോ കരയുന്നത് നല്ല കരച്ചിലാണ്.
- ഉറ്റവരെ നഷ്ടപ്പെടുമ്പോഴുള്ള കാരുണ്യത്തിന്റെ കരച്ചിലും ഈ ഗണത്തിൽ പെടും.

❖ **ചീത്ത കരച്ചിൽ**

- കാപട്യത്തിന്റെ കരച്ചിൽ, ബഹളം വെച്ചുള്ള കരച്ചിൽ...തുടങ്ങിയവയൊക്കെ ചീത്ത കരച്ചിലാണ്.

- കാപട്യത്തിന്റെ കരച്ചിലിന് ഉദാഹരണമാണ് യൂസുഫ് നബി (അ) യുടെ സഹോദങ്ങൾ അദ്ദേഹത്തെ പൊട്ടക്കിണറ്റിലേക്ക് വലിച്ചെറിഞ്ഞശേഷം തങ്ങളുടെ പിതാവിന്റെ മുമ്പിൽ വന്ന് യൂസുഫിനെ ചെന്നായ പിടിച്ചു എന്ന് പറഞ്ഞ് കരഞ്ഞത്.

❖ **വിശ്വാസത്തിന്റ ഭാഗമായ കരച്ചിൽ**

- കരയുക എന്നത് വിശ്വാസത്തിന്റെ അടയാളമാണ്.

أُولَٰئِكَ الَّذِينَ أَنْعَمَ اللَّهُ عَلَيْهِم مِّنَ النَّبِيِّينَ مِن ذُرِّيَّةِ آدَمَ وَمِمَّنْ حَمَلْنَا مَعَ نُوحٍ وَمِن ذُرِّيَّةِ إِبْرَاهِيمَ وَإِسْرَائِيلَ وَمِمَّنْ هَدَيْنَا وَاجْتَبَيْنَا ۚ إِذَا تُتْلَىٰ عَلَيْهِمْ آيَاتُ الرَّحْمَٰنِ خَرُّوا سُجَّدًا وَبُكِيًّا ﴿مريم: ٥٨﴾

❖ **നബി (സ്വ) യുടെ കരച്ചിൽ**

- ജീവിതത്തിൽ ഏറെ മാതൃക കാണിക്കുകയും സൂക്ഷമത കാണിക്കുകയും ചെയ്ത നബി (സ്വ) കരയാറുണ്ടായിരുന്നു.

1. നമസ്കാരത്തിൽ ക്വുർആൻ പാരായണം ചെയ്ത നബി ﷺ കരഞ്ഞിട്ടുണ്ട്.
2. പേരക്കുട്ടി മരണപ്പെട്ടപ്പോൾ കരഞ്ഞിട്ടുണ്ട്.
3. ബദ്ർ യുദ്ധത്തിന്റെ മുമ്പ് നബി ﷺ ഇരു കൈകളും ആകാശത്തേക്ക് ഉയർത്തി നിറഞ്ഞ കണ്ണുകളോട് കൂടി അല്ലാഹുവിനോട് ദുആ ചെയ്തിട്ടുണ്ട്.
4. രാത്രി നമസ്കാരത്തിൽ സൂറത്തു ആലുഇംറാനിലെ അവസാന ആയത്തുകൾ പാരായണം ചെയ്ത് നബി ﷺ കരഞ്ഞു.
5. തന്റെ മാതാവിന്റെ ക്വബ്ർ സന്ദർശിച്ച സന്ദർഭത്തിലും പ്രവാചക തിരുമേനി കരഞ്ഞിട്ടുണ്ട്.

**ആയിശ (റ) പറയുന്നു**

- ആയിശ (റ) യുടെ ഊഴം ഉള്ള ദിവസം. അവരോട് നബി (സ്വ) അനുവാദം ചോദിച്ചു; എനിക്ക് നമസ്കരിക്കണം. അനുവാദം ലഭിച്ച നബി (സ്വ) സുദീർഘമായി രാത്രി നിസ്കരിക്കുന്നു. സുജൂദിൽ കിടന്ന് ധാരാളം കരയുകയും ചെയ്തു.
- മറ്റൊരു സമയത്ത് നബി (സ്വ) പറഞ്ഞു; ഇന്ന് എനിക്ക് രണ്ട് ആയത് ഇറങ്ങിയിട്ടുണ്ട്

إِنَّ فِي خَلْقِ السَّمَاوَاتِ وَالْأَرْضِ وَاخْتِلَافِ اللَّيْلِ وَالنَّهَارِ لَآيَاتٍ لِّأُولِي الْأَلْبَابِ ﴿آل عمران: ١٩٠﴾

الَّذِينَ يَذْكُرُونَ اللَّهَ قِيَامًا وَقُعُودًا وَعَلَىٰ جُنُوبِهِمْ وَيَتَفَكَّرُونَ فِي خَلْقِ السَّمَاوَاتِ وَالْأَرْضِ رَبَّنَا مَا خَلَقْتَ هَٰذَا بَاطِلًا سُبْحَانَكَ فَقِنَا عَذَابَ النَّارِ ﴿آل عمران: ١٩١﴾

- ഈ ആയത്തുകൾ ഓതി നബി (സ്വ) കരയുകയുണ്ടായി. നബി (സ്വ) ഈ ആയത്തുകളെക്കുറിച്ച് പറഞ്ഞു;

وَيْلٌ لِمَن قَرأَ هَذِهِ الآيَةَ ثُمَّ لَمْ يَتَفَكَّرُوا فِيها -يَعْنِي «إنَّ في خَلقِ السَّمواتِ والأَرْضِ

ഈ ആയത്തുകൾ ഓതിയിട്ട് അതിനെക്കുറിച്ച് ആലോചിക്കാത്തവർക്ക് നാശം

- എത്രയോ തവണ നമ്മൾ ഈ ഭാഗം പാരായണം ചെയ്തിട്ടുണ്ട്. എന്നെങ്കിലും ഈ ആയത്തുകൾ നമ്മെ കരയിപ്പിച്ചിട്ടുണ്ടോ? കരഞ്ഞിട്ടുണ്ടോ?

❖ **അതു പോലെ ഈ ആയത്ത് പരായണം ചെയ്തു നബി (സ്വ) കരയുകയുണ്ടായി.**

ثُمَّ قَسَتْ قُلُوبُكُم مِّن بَعْدِ ذَٰلِكَ فَهِيَ كَالْحِجَارَةِ أَوْ أَشَدُّ قَسْوَةً وَإِنَّ مِنَ الْحِجَارَةِ لَمَا يَتَفَجَّرُ مِنْهُ الْأَنْهَارُ وَإِنَّ مِنْهَا لَمَا يَشَّقَّقُ فَيَخْرُجُ مِنْهُ الْمَاءُ وَإِنَّ مِنْهَا لَمَا يَهْبِطُ مِنْ خَشْيَةِ اللَّهِ وَمَا اللَّهُ بِغَافِلٍ عَمَّا تَعْمَلُونَ ﴿البقرة: ٧٤﴾

❖ **നബി (സ്വ) യുടെ മകൻ മരിച്ചപ്പോൾ അദ്ദേഹം കരയുകയുണ്ടായി.**

(قالَ أَنَسُ: فَلَقَدْ رَأَيْتُهُ بَيْنَ يَدَيْ رَسُولِ اللهِ - ﷺ (وهُوَ يَجُودُ بِنَفْسِهِ) (فَجَعَلَتْ عَيْنا رَسُولِ اللهِ ﷺ تَذْرِفانِ»، فَقالَ لَهُ عَبْدُ الرَّحْمَنِ بْنُ عَوْفٍ: وأَنْتَ يا رَسُولَ اللهِ؟، فَقالَ» :يا ابْنَ عَوْفٍ، إنَّها رَحْمَةٌ ثُمَّ قالَ رَسُولُ اللهِ ﷺ :إنَّ العَيْنَ تَدْمَعُ، والقَلْبَ يَحْزَنُ، ولا نَقُولُ إلّا ما يُرْضِي رَبَّنا وإنّا بِفِراقِكَ يا إبْراهِيمُ لَمَحْزُونُونَ

❖ **ഇബ്നു മസ്ഊദിൽ നിന്നും ഖുർആൻ കേട്ടപ്പോൾ**

عَنْ عَبْدِ اللَّهِ بْنِ مَسْعُودٍ، قَالَ قَالَ لِي النَّبِيُّ صلى الله عليه وسلم اقْرَأْ عَلَيَّ . قُلْتُ يَا رَسُولَ اللَّهِ آقْرَأُ عَلَيْكَ وَعَلَيْكَ أُنْزِلَ قَالَ نَعَمْ . فَقَرَأْتُ سُورَةَ النِّسَاءِ حَتَّى أَتَيْتُ إِلَى هَذِهِ الآيَةِ {فَكَيْفَ إِذَا جِئْنَا مِنْ كُلِّ أُمَّةٍ بِشَهِيدٍ وَجِئْنَا بِكَ عَلَى هَؤُلاَءِ شَهِيدًا} قَالَ حَسْبُكَ الآنَ . فَالْتَفَتُّ إِلَيْهِ فَإِذَا عَيْنَاهُ تَذْرِفَانِ.

ഇബ്നു മസ്ഊദിൽ (റ) നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: 'എനിക്ക് താങ്കൾ ഖുർആൻ ഓതിക്കേൾപ്പിക്കണ'മെന്ന് നബി (സ്വ) എന്നോട് പറയുകയുണ്ടായി. ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഖുർആൻ അവതരിച്ചത് അങ്ങേക്കായിരിക്കെ ഞാൻ അങ്ങേക്ക് ഓതിത്തരികയോ? നബി(സ്വ) പറഞ്ഞു: 'അതെ, അങ്ങനെ, ഞാൻ സൂറത്തു ന്നിസാഅ് ഓതി. فَكَيْفَ إِذَا جِئْنَا مِن كُلِّ أُمَّةٍ بِشَهِيدٍ وَجِئْنَا بِكَ عَلَىٰ هَٰؤُلَاءِ شَهِيدً (എല്ലാ സമുദായത്തിൽ നിന്നും നാം ഒരു സാക്ഷിയെ കൊണ്ടുവരുകയും, ഇക്കൂട്ടരുടെമേൽ സാക്ഷിയായി നിന്നെ കൊണ്ടുവരുകയും ചെയ്താൽ എങ്ങിനെയിരിക്കും) എന്ന ആയത്ത് എത്തിയപ്പോൾ അവിടുന്ന് പറഞ്ഞു: حسبك الان (ഇപ്പോൾ മതി). തിരുമേനിയുടെ രണ്ടു കണ്ണുകളും കണ്ണുനീർ ഒഴുക്കുന്നുണ്ടായിരുന്നു.' (ബുഖാരി)

❖ **സ്വഹാബികൾ കരഞ്ഞ സന്ദർഭങ്ങൾ**

നബി (സ്വ) അനുചരന്മാർ പല സന്ദർഭങ്ങളിലും കരഞ്ഞിട്ടുണ്ട്.

**സന്തോഷം കൊണ്ട് കരഞ്ഞത്.**

1. അബൂബക്കർ (റ) വിന് നബി (സ്വ) യുടെ കൂടെ ഹിജ്റക്ക് അല്ലാഹു അനുവാദം നൽകിയപ്പോൾ...
2. അബൂഹുറൈറ (റ) തന്റെ മാതാവ് ഇസ്ലാം സ്വീകരിച്ച സന്തോൽത്താൽ കരഞ്ഞിട്ടുണ്ട്.

**വിഷമത്തിലും സ്വാഹബികൾ കരഞ്ഞു:**

1. നബി (സ്വ) മരണ വാർത്ത കേട്ട മദീനയിലെ അധിക പേരും കരഞ്ഞിട്ടുണ്ട്.
2. ഉമ്മു ഐമൻ (വളർത്തുമ്മ) കരയുന്നുണ്ടായിരുന്നു
3. അബൂബക്കർ (റ) ഉമർ (റ) സങ്കടം സഹിക്കാനാവതെ കരഞ്ഞിട്ടുണ്ട്.

❖ **ഖുർആൻ കേട്ടപ്പോൾ സ്വഹാബികളിൽ പലരും കരഞ്ഞിട്ടുണ്ട്.**

1. **അബൂബകർ (റ) ഫാതിഹ ഓതി കരഞ്ഞു...**

لَمّا مَرِضَ رَسُولُ اللهِ ﷺ مَرَضَهُ الَّذِي ماتَ فِيهِ وقالَ أبُو مُعاوِيَةَ: لَمّا ثَقُلَ. جاءَ بِلالٌ يُؤْذِنُهُ بِالصَّلاةِ فَقالَ» :مُرُوا أبا بَكْرٍ فَلْيُصَلِّ بِالنّاسِ«، قُلْنا: يا رَسُولَ اللهِ؛ إنَّ أبا بَكْرٍ رَجُلٌ أسِيفٌ - تَعْنِي: رَقِيقٌ - ومَتى ما يَقُومُ مَقامَكَ .. يَبْكِي فَلا يَسْتَطِيعُ، فَلَوْ أمَرْتَ عُمَرَ فَصَلّى بِالنّاسِ، فَقالَ" :مُرُوا أبا بَكْرٍ

2. **ഉമർ (റ) കരഞ്ഞു...**

ഒരു ടെന്റിൽ ഇബാദത്ത് ചെയ്യുന്ന ഒരു പുരോഹിതനെ/സന്യാസിയെ കണ്ടപ്പോൾ കരഞ്ഞു... എന്നിട്ട് പറഞ്ഞു: ആ മുഖം കണ്ടപ്പോ ആയത് ഓർമ വന്നു:

وُجُوهٌ يَوْمَئِذٍ خَاشِعَةٌ ﴿٢﴾ عَامِلَةٌ نَّاصِبَةٌ ﴿٣﴾ تَصْلَىٰ نَارًا حَامِيَةً ﴿٤﴾ (الغاشية)

3. **ഉസ്മാൻ (റ) കരഞ്ഞു...**

കബറുകൾ കാണുമ്പോൾ അദ്ദേഹം കരയുമായിരുന്നു.

مَوْلى عُثْمانَ قالَ: كانَ عُثْمانُ، إذا وقَفَ عَلى قَبْرٍ بَكى حَتّى يَبُلَّ لِحْيَتَهُ، فَقِيلَ لَهُ: تُذْكَرُ الجَنَّةُ والنّارُ فَلا تَبْكِي وتَبْكِي مِن هَذا؟ فَقالَ: إنَّ رَسُولَ اللَّهِ ﷺ قالَ: إنَّ القَبْرَ أوَّلُ مَنزِلٍ مِن مَنازِلِ الآخِرَةِ، فَإنْ نَجا مِنهُ فَما بَعْدَهُ أيْسَرُ مِنهُ، وإنْ لَمْ يَنْجُ مِنهُ فَما بَعْدَهُ أشَدُّ مِنهُ

❖ **കരച്ചിൽ കൊണ്ടുള്ള നേട്ടങ്ങൾ**

1. **അല്ലാഹുവിനെക്കുറിച്ച് ആലോചിച്ച് കരഞ്ഞാൽ**

وعَنْ أبِي هُرَيْرَةَ قالَ: قالَ رَسُولُ اللَّهِ ﷺ » :لا يَلِجُ النّارَ مَن بَكى مِن خَشْيَةِ اللَّهِ حَتّى يَعُودَ اللَّبَنُ فِي الضَّرْعِ

ഇമാം തിർമിദി ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ ഇങ്ങനെ കാണാം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "അല്ലാഹുവിനെ ഭയപ്പെട്ട് കരഞ്ഞവനെ നരകം സ്പർശിക്കില്ല; പാല് അകിടിലേക്ക് മടങ്ങുന്നത് വരെ" (തിർമുദി)

**രണ്ടു കണ്ണുനീർ തുള്ളികൾ അല്ലാഹുവിന് ഇഷ്ടമാണ്.**

وعن أبي أُمامَةَ عن النبيِّ ﷺ قال» :ليسَ شيءٌ أَحَبَّ إلى الله مِن قَطْرَتَيْنِ وأثَرَيْنِ: قطرةُ دَمْعٍ مِن خَشيةِ الله، وقطرةُ دمٍ يُهْراقُ في سبيلِ الله، وأمّا الأثَرانِ: فأثَرٌ في سبيلِ الله، وأثَرٌ في فريضةٍ مِن فرائضِ الله تعالى

അബ്ദുല്ലാഹിബ്നു ഉമർ(റ) ഒരിക്കൽ പറഞ്ഞു: "ആയിരം ദീനാർ ധർമം കൊടുക്കുന്നതിനെക്കാൾ എനിക്കിഷ്ടം അല്ലാഹുവനെക്കുറിച്ച് ഓർത്ത് കരയുന്നതാണ്."

**2. അർഷിന്റെ തണൽ**

عَنْ أَبِي هُرَيْرَةَ، عَنِ النَّبِيِّ ﷺ قالَ: «سَبْعَةٌ يُظِلُّهُمُ اللَّهُ فِي ظِلِّه، يَوْمَ لاَ ظِلَّ إلّا ظِلُّهُ: الإمامُ العادِلُ، وشابٌّ نَشَأَ فِي عِبادَةِ رَبِّه، ورَجُلٌ قَلْبُهُ مُعَلَّقٌ فِي المَساجِدِ، ورَجُلاَنِ تَحابّا فِي اللَّهِ اجْتَمَعا عَلَيْه وتَفَرَّقا عَلَيْهِ، ورَجُلٌ طَلَبَتْهُ امْرَأَةٌ ذاتُ مَنصِبٍ وجَمالٍ، فَقالَ: إنِّي أخافُ اللَّهَ، ورَجُلٌ تَصَدَّقَ، أخْفى حَتّى لاَ تَعْلَمَ شِمالُهُ ما تُنْفِقُ يَمِينُهُ، ورَجُلٌ ذَكَرَ اللَّهَ خالِيًا فَفاضَتْ عَيْناهُ«

**3. പാപങ്ങളെക്കുറിച്ച് ഓർത്തു കരയുന്നവർക്ക് മംഗളം.**

عَنْ ثَوْبانَ، قالَ: قالَ النَّبِيُّ ﷺ :طُوبى لِمَن مَلَكَ لِسانَهُ ووَسِعَهُ بَيْتُهُ، وبَكى عَلى خَطِيئَتِهِ

സൗബാൻ(റ)വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: "സ്വന്തത്തെ നിയന്ത്രിക്കുകയും വീട് വിശാലമാവുകയും പാപങ്ങളെക്കുറിച്ച് ഓർത്ത് കരയുകയും ചെയ്തവന് മംഗളം" (ത്വബ്റാനി).

- ജീവിതത്തിൽ പാപങ്ങൾ ഏറെ ചെയ്തവരാണ് മനുഷ്യരായ നാം.
- നമ്മുടെ പാപങ്ങൾ നമ്മെ നൊമ്പരപ്പെടുത്താറുണ്ടോ? എപ്പോഴെങ്കിലും ചെയ്ത തെറ്റുകളെക്കുറിച്ച് ആലോചിച്ച് നാം കരഞ്ഞിട്ടുണ്ടോ?
- ഇബ്നുമസ്ഊദ്(റ) വിനോട് ഒരാൾ ഉപദേശം ചോദിച്ചു. അദ്ദേഹം പറഞ്ഞു: "നിന്റെ വീട് നീ വിശാലമാക്കുക, നിന്റെ പാപങ്ങളെക്കുറിച്ച് ആലോചിച്ച് നീ കരയുക, നിന്റെ നാവിനെ നീ പിടിച്ച് വെക്കുക."

**വിരോധിച്ച കരച്ചിൽ**

- ഇസ്‌ലാം നിരോധിച്ചതാണ് മയ്യിത്തിന്റെ സമീപത്ത് വെച്ച് വാവിട്ട് കരയുന്നത്.
- മരിച്ച വ്യക്തി ക്ക് ബന്ധുക്കളുടെ ആ കരച്ചിൽ കാരണം ശിക്ഷ ലഭിക്കും എന്നുവരെ നബി ﷺ പഠിപ്പിച്ചിട്ടുണ്ട്. കരയാൻ വേണ്ടി ആളുകളെ നിശ്ചയിക്കുന്ന സമ്പ്രദായം അജ്ഞാനകാലത്തുണ്ടായിരുന്നു.

**കരയുക, നാളെക്ക് വേണ്ടി**

- ഇന്നത്തെ നഷ്ടങ്ങൾ നശ്വരമാണ്. നഷ്ടപ്പെട്ടതിനെക്കാൾ നല്ലത് ഈ ലോകത്ത് വെച്ച് തന്നെ ചിലപ്പോൾ നമുക്ക് ലഭിച്ചേക്കാം. പക്ഷേ, മരണാനന്തര ജീവിതം നഷ്ടമായാൽ തിരിച്ചെടുക്കാൻ സാധ്യമല്ല എന്ന ബോധമുണ്ടാവണം.

- നമുക്കും സാധിക്കണം അല്ലാഹുവിനെ ഓർത്ത്, സ്വർഗത്തെ ഓർത്ത്, നരകത്തെ ഓർത്ത്, നമ്മുടെ പാപങ്ങളെ ഓർത്ത് മനമുരുകി കരയാൻ...

---

- **ഖുത്ത്ബ നോട്ടുകൾ ലഭിക്കാൻ (+൯൬൬൫൦൨൭൭൨൮൦) ഈ നമ്പറിൽ ബന്ധപ്പെടുക.**
- **ഖുത്ത്ബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:**

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

**ഇത് വരെയുള്ള എല്ലാ ഖുത്ത്ബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.**